Lalith Babu

**ഔദ്യോഗിക പരിപാടികളിൽ ബഹു. മന്ത്രിമാരുടെ സ്ഥാനം നിശ്ചയിക്കുന്നതും ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ മന്ത്രിമാരുടെ പേരുകൾ ചേർക്കുന്നതും സംബന്ധിച്ച നിർദേശം**

# കേരള സർക്കാർ

<u>പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ്</u>

പരിപത്രം

നമ്പർ 897/പൊളിറ്റിക്കൽ.1/2016/പൊഭവ. തിരുവനന്തപുരം, 2017 ജനുവരി 29.

<u>വിഷയം</u>:— പൊതുഭരണ (പൊളിറ്റിക്കൽ) വകുപ്പ് ഔദ്യോഗിക പരിപാടികളിൽ ബഹു. മന്ത്രിമാരുടെ സ്ഥാനം നിശ്ചയിക്കുന്നതും ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ മന്ത്രിമാരുടെ പേരുകൾ ചേർക്കുന്നതും—സംബന്ധിച്ച്.

സംസ്ഥാന സർക്കാരിന്റെ ഔദ്യോഗിക പരിപാടികളിൽ മന്ത്രിമാരുടെ ഇരിപ്പിടം ക്രമീകരിക്കുമ്പോഴും ഔദ്യോഗിക പ്രസിദ്ധീകരണങ്ങളിൽ മന്ത്രിമാരുടെ പേരുകളും വകുപ്പുകളും ചേർക്കുമ്പോഴും മുഖ്യമന്ത്രിയുടെ പേരിന് ശേഷം മന്ത്രിമാരുടെ പേരുകൾ അക്ഷരമാല ക്രമത്തിൽ ഉൾപ്പെടുത്തേണ്ടതാണ്. ഔദ്യോഗിക പരിപാടികളിൽ മുഖ്യമന്ത്രിയുടെ തൊട്ടടുത്ത് പരിപാടി നടത്തുന്ന വകുപ്പിന്റെ മന്ത്രിക്ക് സ്ഥാനം നൽകേണ്ടതാണ്.

ഇക്കാര്യം വീഴ്ചകൂടാതെ ബന്ധപ്പെട്ട വകുപ്പുകൾ നടപ്പിലാക്കേണ്ടതാണെന്ന് നിഷ്കർഷിക്കുന്നു.

എസ്. എം. വിജയാനന്ദ്,

*ചീഫ് സെക്രട്ടറി.*